ഹയർ സെക്കന്ററി ഡയറക്ടറുടെ
കാര്യാലയം, ഹൗസിംഗ് ബോർഡ്
ബിൽഡിംഗ്, ശാന്തി നഗർ,
തിരുവനന്തപുരം.

നം. ഫിൻ.ബി5/123033/എച്ച്.എസ്.ഇ/2018 തീയതി : 23/08/2018

## പരിപത്രം

വിഷയം: - ഹയർസെക്കന്ററി വിദ്യാഭ്യാസം - ഗവൺമെന്റ്/എയ്ഡഡ് സ്കൂൾ പ്രിൻസിപ്പാൾമാർക്ക് എൻ.എൽ.സി. നൽകുന്നത് - സംബന്ധിച്ച്.

ഗവൺമെന്റ്/എയ്ഡഡ് സ്കൂൾ പ്രിൻസിപ്പാൾമാർ വിരമിക്കുമ്പോൾ NLC/LC നിലവിൽ നൽകിവരുന്നത് പെൻഷൻ സാംഗ്ഷനിംഗ് അതോറിറ്റിയായ ആർ.ഡി.ഡി. മാരാണ്. എന്നാൽ എ.ജി. ഓഡിറ്റ്, ധനകാര്യപരിശോധനാ റിപ്പോർട്ടുകൾ, ഇന്റെണൽ ഓഡിറ്റ് റിപ്പോർട്ട് തുടങ്ങിയവയുടെ തുടർനടപടികൾ ഡി.എച്ച്.എസ്.ഇ. വഴിയാണ് സ്വീകരിച്ചുവരുന്നത്. ഈ സാഹചര്യത്തിൽ ടി തടസ്സവാദങ്ങൾ നിലനിൽക്കെതന്നെ ആർ.ഡി.ഡി. പല പ്രിൻസിപ്പാൾമാർക്കും NLC/LC നൽകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയതിനാൽ ഈ പരിപത്രതീയതിമുതൽ ഗവൺമെന്റ്/എയ്ഡഡ് സ്കൂൾ പ്രിൻസിപ്പാൾമാർക്ക് താങ്കളുടെ ഓഫീസിൽനിന്ന് NLC/LC നൽകുന്നതിനുമുൻപ് ഡയറക്ടറുടെ എൻ.എൽ.സി. കൂടി വാങ്ങേണ്ടതാണ്. ഗവൺമെന്റ്/എയ്ഡഡ് സ്കൂൾ പ്രിൻസിപ്പാൾമാരുടെ NLC/LC എന്നിവയുടേയും, ഡി.സി.ആർ.ജി. റിലീസ് ചെയ്യുന്നതിന്റെയും വിവരങ്ങൾ, സ്കൂൾ ഓഡിറ്റ് റിപ്പോർട്ടുകളുടെ പകർപ്പുകൾ എന്നിവ നിർബന്ധമായും വകുപ്പുമേലധികാരിയായ ഡയറക്ടർ, ഹയർസെക്കന്ററി വിദ്യാഭ്യാസ കാര്യാലയത്തിലേക്ക് അയച്ചുതരേണ്ടതുമാണ്.

വിശ്വസ്തതയോടെ,

**സീനിയർ ഫിനാൻസ് ഓഫീസർ**
**ഡയറക്ർക്കുവേണ്ടി**

പകർപ്പ്
1) എല്ലാ ഗവൺമെന്റ്/എയ്ഡഡ് സ്കൂൾ പ്രിൻസിപ്പാൾമാർക്കും
2) എല്ലാ ആർ.ഡി.ഡി. മാർക്കും
3) കരുതൽ ഫയൽ
4) ഹയർസെക്കന്ററി പോർട്ടൽ

22